"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-എരുമേലി ഗ്രാമപഞ്ചായത്ത് - 'മാലിന്യസംസ്കരണത്തിന് ലോറി വാങ്ങൽ' എന്ന (പ്രോജക്റ്റ് നം. 70/19 )പദ്ധതിയ്ക്ക് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1738/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/08/2019

പരാമർശം:- 1 31/03/2006 ലെ സ.ഉ(എം.എസ്)86/06/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22/03/2019 ലെ A3-1743/19 നമ്പർ കത്ത്

**ഉത്തരവ്**

എരുമേലി ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 18,52,139/-രൂപ അടങ്കലിൽ 'മാലിന്യസംസ്കരണത്തിന് ലോറി വാങ്ങൽ' എന്ന (പ്രോജക്റ്റ് നം. 70/19 )പദ്ധതിയ്ക്ക് ഡി.പി.സിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും SK-407 ടിപ്പർ ലോറി വാങ്ങുന്നതിന് ടാറ്റാ കമ്പനി ഇൻവോയിസ് നൽകിയിട്ടുള്ളതിനാലും ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനതു ഫണ്ട് എന്നിവ വിനിയോഗിച്ച് 11,65,000/- രൂപയും രജിസ്ട്രേഷൻ ഫീസ്, ഇൻഷ്വറൻസ്, ജി.പി.എസ് സിസ്റ്റം എന്നിവ ഉൾപ്പെടുത്തി എരുമേലി ഗ്രാമപഞ്ചായത്തിന് മാലിന്യസംസ്കരണത്തിന് ടിപ്പർ ലോറി വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എരുമേലി ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 18,52,139/-രൂപ അടങ്കലിൽ 'മാലിന്യസംസ്കരണത്തിന് ലോറി വാങ്ങൽ' എന്ന (പ്രോജക്റ്റ് നം. 70/19 )പദ്ധതിയ്ക്ക് ഡി.പി.സിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനതു ഫണ്ട് എന്നിവ വിനിയോഗിച്ച് 11,65,000/- രൂപയും രജിസ്ട്രേഷൻ ഫീസ്, ഇൻഷ്വറൻസ്, ജി.പി.എസ് സിസ്റ്റം എന്നിവ ഉൾപ്പെടുത്തി എരുമേലി ഗ്രാമപഞ്ചായത്തിന് മാലിന്യസംസ്കരണത്തിന് ടിപ്പർ ലോറി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്